പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3501

22/08/2017-ൽ
മറുപടി നൽകേണ്ടിയിരുന്നത്.

# പോസ്റ്റ് മോർട്ടം അലവൻസ്

| ചോദ്യം<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ ഹോസ്പിറ്റലുകളിലും മെഡിക്കൽ കോളേജുകളിലും പോസ്റ്റ് മോർട്ടം പരിശോധനയ്ക്ക് സഹായിക്കുന്ന ലാബ് ടെക്നീഷ്യൻ/മോർച്ചറി ടെക്നീഷ്യൻ/ ജൂനിയർ ലാബ് അസിസ്റ്റന്റ്, മോർച്ചറി മാൻ/വുമൺ, ടൈപ്പിസ്റ്റ് എന്നിവരുടെ പോസ്റ്റ് മോർട്ടം അലവൻസ് എത്ര രൂപയാണ്; | (എ) & (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പോസ്റ്റ് മോർട്ടം പരിശോധനയ്ക്ക് കൊടുക്കുന്ന അലവൻസ് തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.<br>ലാബ് ടെക്നീഷ്യൻ - 60 രൂപ<br>മോർച്ചറി ടെക്നീഷ്യൻ - 60 രൂപ<br>ജൂനിയർ ലാബ് അസിസ്റ്റന്റ് - 60 രൂപ<br><br>മോർച്ചറി മാൻ/വുമൺ - 75 രൂപ<br>ടൈപ്പിസ്റ്റ് - 15 രൂപ<br><br>ആരോഗ്യ വകുപ്പിനു കീഴിലെ ഹോസ്പിറ്റലുകളിൽ പോസ്റ്റ് മോർട്ടം പരിശോധനയ്ക്ക് കൊടുക്കുന്ന അലവൻസ് തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>നഴ്സിംഗ് അസിസ്റ്റന്റ് - 60/- രൂപ<br>ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 & ഗ്രേഡ് 2 - 75/- രൂപ<br>ടൈപ്പിസ്റ്റ് - 15/- രൂപ |
| (ബി) | ഓരോ വിഭാഗത്തിനും ലഭിക്കുന്ന അലവൻസ് ഇനം തിരിച്ചു വ്യക്തമാക്കാമോ; | | |
| (സി) | കഴിഞ്ഞ 10 വർഷമായി കേരളത്തിലെ ഹോസ്പിറ്റലുകളിലും മെഡിക്കൽ കോളേജുകളിലും പോസ്റ്റ് മോർട്ടം പരിശോധനയ്ക്ക് സഹായിക്കുന്ന മേൽ വിഭാഗത്തിൽപ്പെട്ടവരുടെ പോസ്റ്റ് മോർട്ടം അലവൻസിൽ മാറ്റം എന്തെങ്കിലും വന്നിട്ടുണ്ടോ; | (സി) | ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | ഇല്ലെങ്കിൽ ആയത് മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | വകുപ്പ് മേലധികാരിയിൽ നിന്നും ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ